Website:http://www.kwa.kerala.gov.in

Fax: 91-0471-2324903
Tel: 0471-2328654

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. 13556/JS I(EST)/2020/കെ ഡബ്ല്യു എ

തീയതി: 23.10.2020

**<u>സർക്കുലർ</u>**

വിഷയം:- കേരള വാട്ടർ അതോറിറ്റി കേന്ദ്രകാര്യാലയത്തിൽ നിന്നുള്ള ഭരണ നിർവ്വഹണത്തിനുള്ള ഉത്തരവുകൾ പാലിക്കാത്തതു സംബന്ധിച്ച് :

സൂചന :- കേരള വാട്ടർ അതോറിറ്റി കേന്ദ്ര കാര്യാലത്തിൽ നിന്നുള്ള വിവിധ തസ്തികളിലെ പ്രമോഷൻ,പോസ്റ്റ് ഷിഫ്റ്റിംഗ് ,പുനർവിന്യസം , സ്ഥലം മാറ്റം എന്നീ ഉത്തരവുകൾ

പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പവരുത്തുന്നതിനും കേരള വാട്ടർ അതോറിറ്റിയിലെ റവന്യൂ സെക്ഷനുകൾ ശാക്തീകരിക്കുന്നതിൻറെ ഭാഗമായും കേരള വാട്ടർ അതോറിറ്റിയുടെ കേന്ദ്ര കാര്യാലയത്തിൽ നിന്നും സമീപകാലങ്ങളിൽ പുറപ്പെടുവിച്ച പ്രമോഷൻ, പോസ്റ്റ് ഷിഫ്റ്റിംഗ് ,പുനർവിന്യസം , സ്ഥലം മാറ്റം എന്നീ ഉത്തരവുകളിൽ ഉൾപ്പെട്ട ജീവനക്കാരെ അകാരണമായും നിലവിലുള്ള നിയമങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിരുദ്ധമായും വിടുതൽ ഉത്തരവുകൾ നൽകാതിരിക്കുന്നതായും ടി ജീവനക്കാരെ വിടുതൽ നടപ്പാക്കാൻ വൈകിപ്പിക്കുന്നതായും ,വിടുതൽ ചെയ്യാതെ വാട്ടർ അതോറിറ്റിയെ കോടതി വ്യവഹാരങ്ങളിൽ കൊണ്ടെത്തിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. കേരള വാട്ടർ അതോറിറ്റിയുടെ സുഗമമായ ഭരണ നിർവ്വഹണത്തിനും പൊതുജനതാൽപര്യാർത്ഥമുള്ള പ്രവർത്തനങ്ങൾക്ക് ഇത് പ്രതികൂലമായി ബാധിക്കുന്നു.

ആയതിനാൽ ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച ഉത്തരവിൻറെ അടിസ്ഥാനത്തിൽ എല്ലാ ജീവനക്കാരെയും അതാത് നിയന്ത്രണ അധികാരികൾ ഉത്തരവുകളിൽ പറഞ്ഞിട്ടുള്ള ജീവനക്കാരിൽ അവരവരുടെ പകരക്കാരെ പ്രതീക്ഷിക്കാതെ അടിയന്തിരമായി വിടുതൽ ഉത്തരവ് നൽകേണ്ടതും ഇതിൽ സ്വീകരിച്ച നടപടി മൂന്ന് ദിവസത്തിനകം ceglkwa@gmail.com,kwahoest@gmail.com എന്ന മെയിൽ അഡ്രസ്സ് മുഖാന്തിരവും അറിയിക്കേണ്ടതുമാണ്.ഇതിനോടൊപ്പം ഹെഡ് ഓഫീസിൻറെ അനുവാദം ഇല്ലാതെ ഏതൊരു ജീവനക്കാരനെയും /ജീവനക്കാരിയെയും ജോലിക്രമീകരണം (വർക്കിംഗ്അറേഞ്ച്മെൻറ്) നടത്തുവാൻ പാടില്ലാത്തതുമാകുന്നു. ഈ ഉത്തരവിന് വിരുദ്ധമായി പ്രവർത്തിക്കുന്ന നിയന്ത്രണാധികാരികൾക്കെതിരെ ബഹു:മാനേജിംഗ് ഡയറക്ടറുടെ നിർദ്ദേശാനുസരണം കർശന നടപടികൾ സ്വീകരിക്കുന്നതുമാണ്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട കോടതി ഉത്തരവുകൾക്ക് വിധേയമായിരിക്കുന്നതുമാണ്.ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച ഉത്തരവുകൾ സംബന്ധിച്ച കൂടുതൽ വ്യക്തത/തിരുത്തൽ ആവശ്യമുള്ള പക്ഷം പ്രസ്തുത വിവരം കേന്ദ്രകാര്യാലയത്തിൽ രേഖാമൂലം/മെയിൽ മുഖേന അറിയിക്കേണ്ടതാണ്.

Sudheer T.S
ചീഫ് എഞ്ചിനീയർ (എച്ച് ആർ ഡി & ജനറൽ)

സ്വീകർത്താവ്

എല്ലാ ആഫീസ് അധികാരികൾക്കും.
ചീഫ് എഞ്ചിനീയർ, ...................................
സൂപ്രണ്ടിങ്ങ് എഞ്ചിനീയർ,പി എച്ച് സർക്കിൾ, ......................

Draft #1 of File 13556/JS I(EST)/2020/KWA Approved by Chief Engineer (HRD&GL) on 23-Oct-2020 03:48 PM - Page 1

എക്സിക്യൂട്ടീവ് എഞ്ചിനീയർ, .............................
അസ്സി എക്സിക്യൂട്ടീവ് എഞ്ചിനീയർ, .............................

പകർപ്പ്:-

ഡിബിഎ(വെബ്സൈറ്റിലും സാമൂഹ്യ മാധ്യമങ്ങളിലും പ്രസിദ്ധീകരണത്തിനായി)
പ്രിൻസിപ്പൽ ഇൻഫോർമേഷൻ ആഫീസർ.
എംഡിയുടെ പി.എ/എ.ഏംന്റെപി.എ /ചീഫ് എഞ്ചിനീയർ(എച്ച് ആർഡി & ജിഎൽ)ന്റെസിഎ/ഡിസിഎ(ജന.)(വിജി.)/സീനി.എഓ/എഒ(അഡ്മിൻ)/ ആർ.ഏം.സി/എസ് എസ്1/ജെ എസ്.I/ഫയൽ

Draft #1 of File 13556/JS I(EST)/2020/KWA Approved by Chief Engineer (HRD&GL) on 23-Oct-2020 03:48 PM - Page 2

The document is digitally approved. Hence signature is not needed.